**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5371** **05-07-2024 - ൽ മറുപടിയ്ക്ക്**

**ബിരുദ കോഴ്സുകളുടെ സ്വീകാര്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള, കഴിഞ്ഞ അക്കാദമിക വർഷം പരമ്പരാഗത ബിരുദ കോഴ്സുകളിൽ ഒരു വിദ്യാർത്ഥി പോലും ചേരാത്ത, സർക്കാർ, എയ്ഡഡ് കോളേജുകൾ ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | കഴിഞ്ഞ അക്കാദമിക വർഷം ഒരു വിദ്യാർത്ഥി പോലും പ്രവേശനം നേടാത്ത അഫിലിയേറ്റഡ് സർക്കാർ/ എയ്ഡഡ് കോളേജുകളുടെയും പ്രോഗ്രാമുകളുടെയും വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.<br><br>ഗവ.കോളേജ് കോട്ടയം (ബി.എസ്.സി മാത്തമാറ്റിക്സ്), പി.ആർ.ഡി.എസ്, കോളേജ്, അമര ( ബി.എസ്.സി മാത്തമാറ്റിക്സ്), ആർ.എൽ.വി കോളേജ്, തൃപ്പൂണിത്തുറ (BFA Painting Sculpture and Applied Arts), സെന്റ് മേരീസ് കോളേജ്, മണർകാട് (ബി.എസ്സ്.സി ഫിസിക്സ്-അപ്ലൈഡ് ഇലക്ട്രോണിക്സ്) (മഹാത്മാഗാന്ധി സർവ്വകലാശാല) |
| (ബി) | പരമ്പരാഗത ബിരുദ കോഴ്സുകളുടെ സ്വീകാര്യത കുറയുന്നതിന്റെ കാരണം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം സർക്കാരോ മറ്റ് ഏജൻസികളോ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഇക്കാര്യം ശ്രദ്ധിക്കുന്നുണ്ട്. പരമ്പരാഗത ബിരുദ കോഴ്സുകളോടൊപ്പം ആധുനിക കാലത്തിനാവശ്യമായ തൊഴിൽ പരിജ്ഞാനവും നൈപുണികളും നേടിയെടുക്കേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തി ന്യൂജനറേഷൻ പ്രോഗ്രാമുകളും ഉൾപ്പെടുത്തി ബിരുദ പഠന പ്രോഗ്രാമുകളുടെ കരിക്കുലം സർവ്വകലാശാലകൾ പരിഷ്കരിച്ചിട്ടുണ്ട്. |
| (സി) | ബിരുദ കോഴ്സുകളുടെ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനായി കരിക്കുലം അടക്കമുള്ളവയിൽ കാലാനുസൃതമായ മാറ്റം വരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (സി) | 2024-25 അക്കാദമിക വർഷം മുതൽ കേരള, എം.ജി., കോഴിക്കോട്, ശ്രീശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, കണ്ണൂർ, കുസാറ്റ്, ശ്രീനാരായണ ഓപ്പൺ സർവ്വകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നു. ഇതിന് ആവശ്യമായ കരിക്കുലം ചട്ടക്കൂട് നാല് വർഷ ബിരുദ പ്രോഗ്രാമുകൾക്കുള്ള റെഗുലേഷൻ, പുതിയ സിലബസ് എന്നിവ രൂപീകരിച്ചു. ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സർവ്വകലാശാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്ക് പരിശീലന പരിപാടികൾ, കോളേജ് അദ്ധ്യാപകർക്ക് ജില്ലാതല ഓറിയെന്റേഷൻ പരിപാടികൾ, പ്ലസ് ടു വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും |

ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു. ഇതിനു പുറമേ, ഫൗണ്ടേഷൻ കോഴ്സുകൾക്കാവശ്യമായിട്ടുള്ള പുസ്തകങ്ങൾ കൗൺസിൽ പ്രസിദ്ധീകരിച്ചു.

ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനാവശ്യമായ പരിഷ്കരണ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ചുവടുവെപ്പാണ് നാലുവർഷ ബിരുദ പ്രോഗ്രാം. ആധുനിക കാലത്തിനാവശ്യമായ ജ്ഞാനവും നൈപുണികളും നേടിയെടുക്കേണ്ടതിന്റെ ആവശ്യകതയെ മുൻനിർത്തിയും ജ്ഞാനസമ്പദ് വ്യവസ്ഥയിലധിഷ്ഠിതമായ നവകേരള നിർമിതിയും കേരളത്തെ ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുകയും ചെയ്യുന്നതിന്റെ ഭാഗമായാണ് കേരളത്തിൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തിൽ വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി മുന്നേറാനുള്ള അവസരമാണ് ഇത് മുന്നോട്ട് വയ്ക്കുന്നത്. മൂന്നുവർഷം കഴിയുമ്പോൾ ബിരുദത്തോടെ പുറത്തുപോകാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥിക്ക് ബിരുദവും നാലുവർഷം പഠിക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് അവരുടെ താല്പര്യത്തിനും അഭിരുചിക്കും അനുസരിച്ച് ഓണേഴ്സ് ബിരുദവും ഓണേർസ് വിത്ത് റിസർച്ച് എന്ന ബിരുദവും ലഭിക്കുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത.

ഓരോ പ്രോഗ്രാമിലൂടെയും കോഴ്സുകളിലൂടെയും വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട ജ്ഞാനം, നൈപുണി, അഭിരുചി എന്നിവ ഉറപ്പുവരുത്തുക എന്നതിനാണ് പ്രാധാന്യം. വിദ്യാർത്ഥികളുടെ പശ്ചാത്തലവും അഭിരുചിയും കണക്കിലെടുത്ത് ആവശ്യമായ പഠനരീതികൾ അവലംബിക്കാൻ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നു.

ക്ലാസ് മുറിക്കും ലാബിനും പുറമേ, ഫീൽഡ് വിസിറ്റ്, ഇൻഡസ്ട്രിയൽ വിസിറ്റ്, അഭിമുഖങ്ങൾ, ഗ്രൂപ്പ് ഡിസ്കഷനുകൾ, അവതരണങ്ങൾ, ഡോക്യുമെന്റേഷൻ, വീഡിയോ പ്രസന്റേഷൻ, സെമിനാറുകൾ, ചർച്ചകൾ തുടങ്ങിയ പ്രായോഗിക പരിശീലനത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നു. ശാസ്ത്ര വിഷയങ്ങൾക്ക് മാത്രമല്ല എല്ലാ വിഷയങ്ങൾക്കും പ്രാക്ടിക്കലും നൽകിയിട്ടുണ്ട്. അതത് വിഷയങ്ങൾക്ക് അനുയോജ്യമായ രീതിയിൽ പ്രാക്ടിക്കലും നൽകാൻ അധ്യാപകർക്ക് സ്വാതന്ത്ര്യം നൽകുന്നു. അതുകൊണ്ടുതന്നെ, കേവലം ഘടനാപരമോ

| | | | |
|---|---|---|---|
| | | | സാങ്കേതികമോ ആയ മാറ്റം എന്നതിനപ്പുറത്തേക്ക് ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമൂല പരിഷ്കരണത്തിനായുള്ള സുപ്രധാന ചുവടുവെയ്പ്പായാണ് ഇതിനെ കാണേണ്ടത്. പൂർണ്ണമായും വിദ്യാർത്ഥി കേന്ദ്രീകൃതമായ, വിദ്യാർത്ഥികളുടെ താൽപര്യങ്ങൾക്കും അഭിരുചികൾക്കും പ്രാധാന്യം നൽകിയും തങ്ങൾക്ക് താല്പര്യമുള്ള മേഖലകളിൽ കരിയർ കണ്ടെത്താനും വിദ്യാർത്ഥികളെ മികച്ച സാമൂഹിക ജീവികളാക്കി വാർത്തെടുക്കുന്നതിനും ഉതകുന്ന തരത്തിലുമാണ് നാലുവർഷ ബിരുദ പ്രോഗ്രാം തയ്യാറാക്കിയിരിക്കുന്നത്.<br><br>നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലവും ക്രെഡിറ്റുകളും നിർവ്വചിച്ചിരിക്കുന്നത് ദേശീയ-അന്തർദേശീയ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടാണ്. വിദേശ സർവ്വകലാശാലകൾ പൊതുവേ പിൻതുടരുന്ന 4 വർഷ ബിരുദ പ്രോഗ്രാമുകൾക്ക് അനുയോജ്യമായിട്ടുള്ള കരിക്കുലം ചട്ടക്കൂടാണ് സംസ്ഥാനത്തെ സർവ്വകലാശാലകളിലും/കോളേജുകളിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ഇത് നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ പൊതു സ്വീകാര്യത വർദ്ധിപ്പിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ